LIBRARY ARCHIVES Kerala Legislative Assembly

**ചാലക്കുടി റെയിൽവേ സ്റ്റേഷൻ വികസനം**

69(2107) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ടതിന്റെ ഭാഗമായി ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും, കൂടുതൽ ട്രെയിനുകൾക്ക് ഇതിന്റെ ഭാഗമായി സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആദർശ് സ്റ്റേഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം നിലവിൽ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതുതായി പ്ലാറ്റ്ഫോം ഉയർത്തൽ, കുടിവെള്ളം, ഇരിപ്പിടം എന്നിവയ്ക്കായും റെയിൽവേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എല്ലാ സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും ട്രെയിൻ നമ്പർ 12624-12623, 16305-16306, 16345-16346, 13352-13351, 16343-16344, ചെന്നൈ - തിരുവനന്തപുരം മെയിൽ, ഇന്റർസിറ്റി, കേരള, ബൊക്കാറോ-ആലപ്പുഴ, അമൃത എന്നീ ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും റെയിൽവേയോട് ഇതിനകംതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

**റെയിൽവേ പദ്ധതികൾ നടപ്പാക്കുന്നതിന് കമ്പനി**

70(2108) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെയും റെയിൽവെയുടെയും പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കമ്പനി രൂപീകരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരി പദ്ധതിയും നിലമ്പൂർ - നഞ്ചൻകോഡ് പാതയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനം തിരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-1-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായി. സംസ്ഥാനം തെരഞ്ഞെടുക്കുന്ന റെയിൽവേ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി ജോയിന്റ് വെഞ്ചർ കമ്പനിയുടെ കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉൾപ്പെടുത്തേണ്ട പദ്ധതികൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടില്ല.

**തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി**

71(2109) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴിയുടെ സാധ്യതാ പഠനം പൂർത്തിയായത് സംബന്ധിച്ച് സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്ത് നൽകേണ്ടതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന് വ്യക്തികൾക്ക് നഷ്ടപരിഹാരം നിശ്ചയിച്ച് നൽകുന്നത് ഏത് തരത്തിലാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി പൂർത്തീകരണത്തിന് സംസ്ഥാന സർക്കാരിന്റെ എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന് ഡി.എം.ആർ.സി. ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഏകദേശം 600 ഹെക്ടർ സ്ഥലം.

(സി&ഡി) ഇത് സംബന്ധിച്ച് ഇതുവരെ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly